നം. വൈ.1/382358/2022/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി : 22/04/2023

# സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസം – 2023 ലെ എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്നത് – സംബന്ധിച്ച്.

പരാമർശം:
1. പൊതുവിദ്യാഭ്യാസ (ജി) വകുപ്പിന്റെ 20.04.2023 തീയതിയിലെ സ.ഉ(സാധാ) നം. 2534/2023/പൊ.വി.വ നമ്പർ ഉത്തരവ്.
2. പൊതുവിദ്യാഭ്യാസ (ജി) വകുപ്പിന്റെ 14.06.2022 തീയതിയിലെ സ.ഉ(സാധാ) നം. 3563/2022/പൊ.വി.വ നമ്പർ ഉത്തരവ്.
3. പൊതുവിദ്യാഭ്യാസ (ജി) വകുപ്പിന്റെ 29.06.2021 തീയതിയിലെ ജി1/1055/2021/പൊ.വി.വ നമ്പർ കത്ത്.

**********

കുട്ടികളിൽ അന്തർലീനമായിരിക്കുന്ന നൈസർഗിക വാസനകളെ പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് പൊതുവിദ്യാഭ്യാസ വകുപ്പ് ഗ്രേസ് മാർക്ക് അനുവദിക്കുന്നത്. തങ്ങളുടെ പഠന പ്രവർത്തന സമയം പഠനാനുബന്ധ പ്രവർത്തനങ്ങൾക്ക് മാറ്റി വയ്ക്കുമ്പോൾ ഉണ്ടാകാൻ സാധ്യതയുള്ള പഠന സമയ നഷ്ടം പരിഹരിക്കുന്നതിനാണ് ഗ്രേസ് മാർക്ക് വിഭാവനം ചെയ്തിരിക്കുന്നത്. പരാമർശം(3) പ്രകാരം കോവിഡ് മഹാമാരി മൂലം സംസ്ഥാനത്തെ സ്കൂളുകൾ 2020-21 അക്കാദമിക വർഷം തുറക്കാത്തതിനാൽ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകേണ്ടതില്ലായെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം(2) പ്രകാരം 2021-22 അക്കാദമിക വർഷവും കോവിഡ് മഹാമാരിയുടെ നിയന്ത്രണം നിലനിന്നിരുന്നതിനാൽ വകുപ്പിന് കലാകായിക ശാസ്ത്ര മത്സരങ്ങളൊന്നും നടത്താൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ എസ്.എസ്.എൽ.സി, പ്ലസ് 1, പ്ലസ് 2 പരീക്ഷകളിൽ ഗ്രേസ് മാർക്ക് നൽകേണ്ടതില്ലായെന്നും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ 2022-23 അക്കാദമിക വർഷം അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകുന്നതിനായും മാർക്കുകൾ പരിഷ്കരിച്ചും പരാമർശം(1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എസ്.എസ്.എൽ. സി പരീക്ഷയ്ക്ക് മുൻ വർഷം അനുവദിച്ച വിഭാഗങ്ങളിൽ വിദ്യാഭ്യാസ ഉപഡയറക്ടർ തന്നെയാണ് ഈ വർഷവും അന്തിമമായി ഗ്രേസ് മാർക്ക് അനുവദിക്കേണ്ടത്. ആയതിന്റെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച ഗ്രേസ് മാർക്കിന്റെ വിശദാംശങ്ങളും ഗ്രേസ് മാർക്കിന് അർഹതപ്പെട്ട വിദ്യാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിനും വിദ്യാഭ്യാസ ഉപഡയറക്ടർമാർ അവ സ്വീകരിക്കുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ഗ്രേസ് മാർക്ക് |
|---|---|---|
| 1 | കേരള സ്കൂൾ കലോത്സവം<br>സ്പെഷ്യൽ സ്കൂൾ കലോത്സവം | എ ഗ്രേഡ്-20<br>ബി ഗ്രേഡ്-15<br>സി ഗ്രേഡ്-10 |
| 2 | ശാസ്ത്ര മേള<br>ഗണിത ശാസ്ത്രമേള<br>സാമൂഹ്യ ശാസ്ത്രമേള<br>പ്രവൃത്തി പരിചയ മേള<br>ഐ.ടി മേള | എ ഗ്രേഡ്-20<br>ബി ഗ്രേഡ്-15<br>സി ഗ്രേഡ്-10 |

| | | |
|---|---|---|
| 3 | സംസ്ഥാനതല ശാസ്ത്ര സെമിനാർ<br>സി.വി.രാമൻ ഉപന്യാസ മത്സരം | എ ഗ്രേഡ്-20<br>ബി ഗ്രേഡ്-15<br>സി ഗ്രേഡ്-10 |
| 4 | ശ്രീനിവാസ രാമാനുജൻ മെമ്മോറിയൽ പേപ്പർ പ്രസന്റേഷൻ | എ ഗ്രേഡ്-20<br>ബി ഗ്രേഡ്-15<br>സി ഗ്രേഡ്-10 |
| 5 | വാർത്താവായന മത്സരം<br>സാമൂഹ്യ ശാസ്ത്ര ടാലന്റ് സെർച്ച് | എ ഗ്രേഡ്-20<br>ബി ഗ്രേഡ്-15<br>സി ഗ്രേഡ്-10 |

ക്രമ നമ്പർ 2 മുതൽ 5 വരെയുള്ള ഇനങ്ങളിൽ 1, 2 ,3 ,സ്ഥാനം കരസ്ഥമാക്കുന്നവർക്ക് യഥാക്രമം 20,17,14 വീതം മാർക്കുകൾ ഗ്രേസ് മാർക്കായി ലഭിക്കുന്നതാണ്

1. കേരള സ്കൂൾ കലോത്സവം,ശാസ്ത്രോത്സവം,സ്പെഷ്യൽ സ്കൂൾ കലോത്സവം, സംസ്ഥാനതല ശാസ്ത്ര സെമിനാർ, സിഉപന്യാസ മത്സരം രാമൻ.വി., ശ്രീനിവാസ രാമാനുജൻ മെമ്മോറിയൽ പേപ്പർ പ്രസന്റേഷൻ, വാർത്താവായന മത്സരം, സാമൂഹ്യ ശാസ്ത്ര ടാലന്റ് സെർച്ച് എന്നിവയിൽ പങ്കെടുക്കുകയും ഗ്രേസ് മാർക്കിന് അർഹത നേടിയിട്ടുള്ള വിദ്യർത്ഥികൾ പരീക്ഷാഭവന്റെ വെബ് സൈറ്റായ www.sslcexam.kerala.gov.in ൽ വിവരങ്ങൾ ഓൺലൈനായി രേഖപ്പെടുത്തേണ്ടതാണ്. വിദ്യാർത്ഥികൾ ലഭിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകൾ സ്വയം സാക്ഷ്യപെടുത്തിയിരിക്കേണ്ടതാണ്. സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട സ്കൂളിലെ പ്രധാനാധ്യാപകന്റെ മേലൊപ്പോടുകൂടി അതാത് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. ഓൺലൈനിൽ നടത്തുന്ന രേഖപ്പെടുത്തലുകൾ ശരിയാണെന്ന് ഉറപ്പ് വരുത്തിയശേഷം മാത്രമേ പ്രധാനാദ്ധ്യാപകൻ അപേക്ഷകൾ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിക്കുവാൻ പാടുള്ളൂ. പരാമർശം(1) ലെ സർക്കാർ ഉത്തരവിൽ ശാസ്ത്രം, ഗണിത ശാസ്ത്ര ടാലന്റ് സെർച്ച് മത്സരങ്ങൾക്കും, ഭാസ്കരാചാര്യ സെമിനാറിനും ഗ്രേസ് മാർക്ക് ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും മത്സരങ്ങളിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്കും ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഇപ്രകാരം ലഭിക്കുന്ന അപേക്ഷ (ശാസ്ത്രം, ഗണിത ശാസ്ത്ര ടാലന്റ് സെർച്ച് മത്സരങ്ങൾ, ഭാസ്കരാചാര്യ സെമിനാർ) സർക്കാരിന്റെ ഉത്തരവ് ലഭിച്ചതിന് ശേഷം മാത്രമേ ഗ്രേസ് മാർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കാൻ പാടുള്ളൂ എന്ന്കൂടി അറിയിക്കുന്നു.
2. സംസ്ഥാനതല മൽസരങ്ങളിൽ പങ്കെടുത്ത് വിജയിച്ച് ആദ്യത്തെ 3 ഗ്രേഡ് (എ,ബി,സി) കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് മാത്രമേ എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് ഗ്രേസ് മാർക്കിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ. ഒരു വിദ്യാർത്ഥിക്ക് ഒരിനത്തിൽ മാത്രമേ ഗ്രേസ് മാർക്ക് ലഭിക്കുകയുള്ളൂ. എസ്.എസ്.എൽ.സി പരീക്ഷയിൽ എഴുത്തു പരീക്ഷയുടെ സ്കോർ അടിസ്ഥാനത്തിലാണ് ഗ്രേസ് മാർക്ക് അനുവദിക്കുന്നത് ' എ + ' ലഭിക്കുന്നതിന് പരമാവധി എത്ര മാർക്ക് വേണമോ അത്ര മാത്രമേ ഗ്രേസ് മാർക്കായി അനുവദിക്കുകയുള്ളൂ. വ്യത്യസ്ത ഇനങ്ങളിൽ ഗ്രേസ് മാർക്ക് ലഭിച്ചിട്ടുണ്ടെങ്കിൽ അതിൽ ഏറ്റവും കൂടുതൽ ഗ്രേസ് മാർക്കിനർഹയുള്ള സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പാണ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടത്. വിദ്യാഭ്യാസ ഉപഡയറക്ടർമാർ അതാത് റവന്യൂ ജില്ലയിലെ സ്കൂളുകളിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ഓൺലൈൻ വെരിഫിക്കേഷൻ നടത്തുകയും നടപടി ഉത്തരവും, ലിസ്റ്റും ഒരുമിച്ച് തിരുവനന്തപുരം പരീക്ഷാകമ്മീഷണറുടെ കാര്യാലയത്തിലേയ്ക്ക് സമർപ്പിക്കേണ്ടതാണ്.
3. 8-ാം ക്ലാസിലോ 9-ാം ക്ലാസിലോ പഠിക്കുമ്പോൾ സംസ്ഥാനതല സ്കൂൾ കലോത്സവത്തിലോ ശാസ്ത്ര, ഗണിത ശാസ്ത്ര, സാമൂഹ്യ ശാസ്ത്ര , പ്രവൃത്തി പരിചയ മേളയിലോ പങ്കെടുത്ത് ലഭിക്കുന്ന ഉയർന്ന ഗ്രേഡ്, ഗ്രേസ് മാർക്കിനു പരിഗണിക്കണമെങ്കിൽ 10-ാം ക്ലാസ്സിൽ പഠിക്കുമ്പോൾ സംസ്ഥാനതല മൽസരത്തിൽ പങ്കെടുത്തിരിക്കണമെന്നില്ല. പകരം റവന്യൂ ജില്ലാതല മൽസരത്തിൽ അതേ ഇനത്തിൽ ' എ ' ഗ്രേഡ് ലഭിച്ചാൽ മതിയാകുന്നതാണ്.

4. ജവഹർലാൽ നെഹ്റു നാഷണൽ എക്സിബിഷൻ (നാഷണൽ സയൻസ് ഫെയർ), സതേൺ ഇന്ത്യ സയൻസ് ഫെയർ, ദേശീയ/സംസ്ഥാന ബാലശാസ്ത്ര കോൺഗ്രസ്സ്, ജൂനിയർ റെഡ്ക്രോസ്, സ്കൗട്ട് & ഗൈഡ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രോജക്ട് , എൻ.സി.സി, എൻ.എസ്.എസ്, ലിറ്റിൽ കൈറ്റ്സ് എന്നിവയ്ക്ക് താഴെ സൂചിപ്പിക്കുന്ന രീതിയിൽ പരിഷ്കരിച്ച ഗ്രേസ് മാർക്ക് അനുവദിക്കുന്നതാണ്.

| ക്രമ നം | ഇനം | ഗ്രേസ് മാർക്ക് |
|---|---|---|
| 1. | ജവഹർലാൽ നെഹ്റു നാഷണൽ എക്സിബിഷൻ(നാഷണൽ സയൻസ് ഫെയർ) | 25 മാർക്ക് |
| 2. | സതേൺ ഇന്ത്യ സയൻസ് ഫെയർ(ആദ്യത്തെ മൂന്ന് സ്ഥാനക്കാർക്ക്) | 22 മാർക്ക് |
| 3. | ദേശീയ ബാലശാസ്ത്ര കോൺഗ്രസ്സ് (ആദ്യത്തെ മൂന്ന് സ്ഥാനക്കാർക്ക്)<br>സംസ്ഥാന ബാലശാസ്ത്ര കോൺഗ്രസ്സ് (ആദ്യത്തെ മൂന്ന് സ്ഥാനക്കാർക്ക്) | 25 മാർക്ക്<br>15 മാർക്ക് |
| 4. | ജൂനിയർ റെഡ്ക്രോസ് | 10 മാർക്ക് |
| 5 | സ്കൗട്ട് & ഗൈഡ്സ്<br>• 80% ഹാജർ ഉൾപ്പെടെയുള്ള പങ്കാളിത്തം<br>• രാജ്പുരസ്കാർ/ചീഫ് മിനിസ്റ്റർ ഷീൽഡ്<br>• രാഷ്ട്രപതി അവാർഡ് വിജയികൾക്ക് | 18 മാർക്ക്<br>20 മാർക്ക്<br>25 മാർക്ക് |
| 6 | സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രോജക്ട് | 20 മാർക്ക് |
| 7 | എൻ.സി.സി<br>• കോർപ്പറൽ/അതിന് മുകളിലുള്ള റാങ്കുകൾക്ക്<br>• എ,ബി,സി സർട്ടിഫിക്കറ്റ് ഹോൾഡേഴ്സ്<br>• ദേശീയ തലത്തിലുള്ള ഏതെങ്കിലും ഒരു സൈനിക ക്യാമ്പിൽ പങ്കെടുത്തവർക്ക്<br>• നേവൽ അറ്റാച്ച്മെന്റ് ക്യാമ്പ്<br>• ആർമി അറ്റാച്ച്മെന്റ് ക്യാമ്പ്<br>• പ്രീ റിപ്പബ്ലിക് ഡേ ക്യാമ്പ്(ആർ.ഡി.സി)<br>• പ്രീ നൗ സൈനിക് ക്യാമ്പ് (എൻ.സി.സി)<br>• 75% ഹാജർ ഉള്ള എൻ.സി.സി കേഡറ്റ്സിന് | 25 മാർക്ക്<br>20മാർക്ക് |
| 8 | എൻ.എസ്.എസ്<br>• നാഷണൽ ക്യാമ്പിൽ പങ്കെടുത്ത എൻ.എസ്.എസ് വോളന്റിയേഴ്സ്/ റിപ്പബ്ലിക് ഡേ ക്യാമ്പിൽ പങ്കെടുത്ത എൻ.എസ്.എസ്. വോളന്റിയേഴ്സ്<br>• എൻ.എസ്.എസ് സർട്ടിഫിക്കറ്റ് ഉള്ള | 25 മാർക്ക് |

| | | |
|---|---|---|
| | എൻ.എസ്.എസ്.വോളന്റിയേഴ്സ് | 20 മാർക്ക് |
| 9 | ലിറ്റിൽ കൈറ്റ്സ് | 15 മാർക്ക് |
| 10 | <u>സർഗ്ഗോത്സവം</u><br>എ ഗ്രേഡ്<br>ബി ഗ്രേഡ് | <br>15 മാർക്ക്<br>10 മാർക്ക് |

5. **ദേശീയ /സംസ്ഥാന ബാലശാസ്ത്ര കോൺഗ്രസ്, സതേൺ ഇന്ത്യ സയൻസ് ഫെയർ** എന്നിവയുടെ ഗ്രേസ് മാർക്ക് അനുവദിക്കുന്നത് പൊതുവിദ്യാഭ്യാസ ഡയറക്ടറാണ്. സതേൺ ഇന്ത്യ സയൻസ് ഫെയറിന്റെ ഓവറോളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾക്കാണ് ഗ്രേസ് മാർക്കിന് അർഹതയുള്ളത്. വിദ്യാർത്ഥികൾ അപേക്ഷകൾ ഓൺ ലൈനിൽ രേഖപ്പെടുത്തിയതിനുശേഷം അതിൽ നിന്നും ലഭിക്കുന്ന പ്രിന്റ് ഔട്ടും ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും ചേർത്ത് പ്രധാനാധ്യാപകന്റെ ശുപാർശയോടുകൂടി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലേക്ക് അയച്ച് നൽകേണ്ടതാണ്. ദേശീയ/സംസ്ഥാന ബാല ശാസ്ത്ര കോൺഗ്രസ്സിന്റെ ഗ്രേസ് മാർക്കിനുള്ള അപേക്ഷകൾ ഓൺലൈനിൽ രേഖപ്പെടുത്തി ലഭിക്കുന്ന പ്രിന്റൗട്ടിനോടൊപ്പം ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം സ്കൂൾ ഹെഡ്മാസ്റ്ററുടെ ശുപാർശയോടു കൂടി ചുവടെ സൂചിപ്പിക്കുന്ന വിലാസത്തിൽ അയച്ചു കൊടുക്കേണ്ടതാണ്. സ്റ്റേറ്റ് കോ-ഓർഡിനേറ്റർ, എൻ.സി.എസ്.സി, കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആന്റ് എൻവിറോൺമെന്റ്, ശാസ്ത്ര ഭവൻ, പട്ടം. പി.ഒ, തിരുവനന്തപുരം-695004. ശാസ്ത്ര ഭവനിൽ നിന്നും ശുപാർശ ലഭിക്കുന്ന അപേക്ഷകൾക്ക് മാത്രമേ പൊതുവിദ്യാഭ്യാസ ഡയറക്ടാഫീസിൽ നിന്നും ഗ്രേസ് മാർക്ക് അനുവദിക്കുകയുള്ളൂ. 10- ാം ക്ലാസ്സിൽ പഠിക്കുമ്പോൾ സംസ്ഥാന ബാലശാസ്ത്ര കോൺഗ്രസ്സിൽ പങ്കെടുക്കുന്ന ഗ്രേഡുകൾക്ക് മാത്രമേ സംസ്ഥാന ബാലശാസ്ത്ര കോൺഗ്രസ് വിഭാഗത്തിൽ എസ്.എസ്.എൽ.സി പരീക്ഷയിൽ ഗ്രേസ് മാർക്കിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ.

    ദേശീയ ബാലശാസ്ത്ര കോൺഗ്രസ്സിൽ പങ്കെടുക്കുന്ന മാഹിയിലേയും, ലക്ഷദ്വീപിലേയും എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്കും 25 മാർക്ക് ഗ്രേസ് മാർക്കായി ലഭിക്കുന്നതാണ്. ഇതിനായി മാഹിയിലേയും ലക്ഷദ്വീപിലേയും ഗ്രേസ് മാർക്കിനുള്ള പ്രധാനാധ്യാപകന്റെ അപേക്ഷകൾ (സർട്ടിഫിക്കറ്റിന്റെ പകർപ്പ് വിദ്യാർത്ഥി സ്വയം അറ്റസ്റ്റ് ചെയ്തിരിക്കണം) അതാത് വിദ്യാഭ്യാസ ഓഫീസറുടെ ശുപാർശയോടു കൂടി മേൽ പരാമർശിച്ചിട്ടുള്ള അഡ്രസ്സിൽ ശാസ്ത്രഭവനിലേയ്ക്ക് അയച്ചു കൊടുക്കേണ്ടതാണ്. ശാസ്ത്രഭവനിൽ നിന്നും സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ നടത്തി നൽകുന്ന ശുപാർശയിന്മേൽ മാത്രമേ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ നിന്നും ഗ്രേസ് മാർക്ക് അനുവദിച്ചു കൊണ്ടുള്ള ഉത്തരവ് പരീക്ഷാ സെക്രട്ടറിക്ക് നൽകുകയുള്ളൂ.

6. **ജൂനിയർ റെഡ്ക്രോസ്** കേഡറ്റുകൾക്ക് താഴെ സൂചിപ്പിക്കുന്ന യോഗ്യത ഉണ്ടെങ്കിൽ എസ്.എസ്.എൽ.സി ക്ക് 10 മാർക്ക് ഗ്രേസ് മാർക്ക് ലഭിക്കുന്നതാണ്.
    (എ). സ്കൂളിൽ പ്രവർത്തിക്കുന്ന ജൂനിയർ റെഡ്ക്രോസസ് യൂണിറ്റുകളുടെ പ്രവർത്തനം തൃപ്തികരമാണെന്ന് ബന്ധപ്പെട്ട സ്കൂൾ അധികൃതരുടെ സാക്ഷ്യപത്രം
    (ബി). 5- ാം സ്റ്റാൻഡേർഡ് മുതൽ 10- ാം സ്റ്റാൻഡേർഡു വരെ ജെ.ആർ.സി പ്രവർത്തനങ്ങളിൽ ബന്ധപ്പെടുകയും 75% ഹാജരോടു കൂടി ജെ.ആർ.സി സംസ്ഥാന കമ്മിറ്റിയുടെ കോഴ്സ് സർട്ടിഫിക്കറ്റ്(സി) നേടുകയും ചെയ്തിരിക്കണം.

(സി). ജെ.ആർ.സി സംസ്ഥാന കമ്മിറ്റി തയ്യാറാക്കി റെഡ്ക്രോസ് സൊസൈറ്റി അംഗീകരിച്ചിട്ടുള്ള സിലബസ് അനുസരിച്ച് ഫസ്റ്റ് എയ്ഡ്, അഗ്നിശമന പ്രവർത്തനങ്ങൾ, ആരോഗ്യപരിപാലനവും സംരക്ഷണവും, ട്രാഫിക്ക് അടയാളങ്ങളും നിയമങ്ങളും, എന്നീ വിഷയങ്ങളിൽ അറിവും അവയെ ആസ്പദമാക്കി ജെ.ആർ.സി സംസ്ഥാന കമ്മിറ്റി നടത്തുന്ന പരീക്ഷ 50% മാർക്കോടെ പാസ്സായതിന്റെ സർട്ടിഫിക്കറ്റ്.

(ഡി). ശുചീകരണ പ്രവർത്തനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ ജില്ലാ തലത്തിലോ സംസ്ഥാന തലത്തിലോ നടത്തുന്ന ജെ.ആർ.സി ക്യാമ്പ്/സെമിനാർ ഇവയിൽ ഏതെങ്കിലും പങ്കെടുത്തതിന്റെ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം.

7. **സ്കൗട്ട് & ഗൈഡ്സ്**– 8,9 ക്ലാസ്സുകളിൽ പഠിക്കുമ്പോൾ രാജ്യ പുരസ്കാർ, രാഷ്ട്രപതി സ്കൗട്ട് ആന്റ് ഗൈഡ് സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കിയ വിദ്യാർത്ഥികൾ 10–ാം ക്ലാസ്സിൽ പഠിക്കുമ്പോൾ സ്കൗട്ട് പ്രസ്ഥാനത്തിൽ സജീവമായിരുന്നുവെന്നുള്ള ഹെഡ്മാസ്റ്ററുടെ സർട്ടിഫിക്കറ്റ് കൂടി ഉൾപ്പെടുത്തി ഗ്രേസ് മാർക്കിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.

8. **സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രോജക്റ്റിൽ** (എസ്.പി.സി) അംഗങ്ങളായ വിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ.സി യ്ക്ക് 20 മാർക്ക് ഗ്രേസ് മാർക്കായി ലഭിക്കുന്നതാണ്. 75% ഉം അതിനു മുകളിലും ഹാജർ നിലയുള്ള വിദ്യാർത്ഥികൾക്ക് മാത്രമേ ഗ്രേസ് മാർക്കിന് അർഹതയുള്ളൂ. എസ്.പി.സി ഗ്രേസ് മാർക്കിന് അർഹതയുള്ള വിദ്യാർത്ഥികളുടെ വിവരങ്ങൾ സ്കൂളുകളിൽ ഓൺലൈനായി അപ് ലോഡ് ചെയ്ത് പ്രിന്റ്ഔട്ട് എടുക്കേണ്ടതാണ്. പ്രിന്റ് ഔട്ട് പ്രധാനാധ്യാപകൻ പരിശോധിച്ച് കൃത്യത ഉറപ്പ് വരുത്തി ഒപ്പിടേണ്ടതും പോലീസ് സ്റ്റുഡന്റ് ലെയ്സൺ ഓഫീസർ (സി.ഐ. ഓഫ് പോലീസ്) ഡിസ്ട്രിക്റ്റ് നോഡൽ ഓഫീസർ എന്നിവരുടെ സാക്ഷ്യപ്പെടുത്തലുകൾ നടത്തേണ്ടതുമാണ്. പ്രസ്തുത പ്രിന്റ് ഔട്ട് ആവശ്യമായ രേഖകൾ സഹിതം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ടതാണ്.

9. **എൻ.സി.സി** യിൽ അംഗങ്ങളായിട്ടുള്ള വിദ്യാർത്ഥികൾക്ക് 25, 20 എന്നീ മാർക്കുകളാണ് ഗ്രേസ് മാർക്കായി അനുവദിച്ചിട്ടുള്ളത്. അതിനായി നിശ്ചയിച്ചിട്ടുള്ള യോഗ്യത ചുവടെ പറയുന്ന വിധമാണ്.

(എ). എ,ബി, സി സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയിരിക്കണം

(ബി). കോർപ്പറലോ അതിന് മുകളിലോ ഉള്ള റാങ്ക് ലഭിച്ചിരിക്കണം

(സി). ദേശീയ തലത്തിലുള്ള ഏതെങ്കിലും ഒരു സൈനിക ക്യാമ്പിൽ പങ്കെടുത്തവർക്ക്, നേവൽ അറ്റാച്ച് മെന്റ് ക്യാമ്പ്, ആർമി അറ്റാച്ച്മെന്റ് ക്യാമ്പ്, പ്രീ റിപ്പബ്ലിക് ഡേ ക്യാമ്പ്(സി.ഡി.ആർ), പ്രീ നൗ സൈനിക് ക്യാമ്പ് (സി.സി.എൻ)

എൻ.സി.സി. യുടെ ഗ്രേസ് മാർക്ക് അനുവദിച്ചുനൽകുന്നത് വിദ്യാഭ്യാസ ഉപഡയറക്ടറായതിനാൽ ഗ്രേസ് മാർക്കിനുള്ള അപേക്ഷകൾ സ്കൂളുകളിൽ ഓൺലൈൻ രേഖപ്പെടുത്തലുകൾ നടത്തി ലഭിക്കുന്ന പ്രിന്റ് ഔട്ടിൽ ഹെഡ്മാസ്റ്ററും, എ.എൻ.ഒ യും (അസോസിയേറ്റ് എൻ.സി.സി. ഓഫീസർ) കൈഒപ്പ് ചാർത്തി ബന്ധപ്പെട്ട സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ ഉൾപ്പെടുത്തി 3 സെറ്റ് അപേക്ഷകൾ തയ്യാറാക്കേണ്ടതാണ്. ഒരു സെറ്റ് സ്കൂളിൽ സൂക്ഷിക്കേണ്ടതും 2 സെറ്റ് ബന്ധപ്പെട്ട എൻ.സി.സി. കമാൻഡിംഗ് ഓഫീസർക്ക് (എൻ.സി.സി ബറ്റാലിയൻ ഓഫീസ്) നൽകേണ്ടതുമാണ. എൻ.സി.സി. കമാൻഡിംഗ് ഓഫീസർ ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ഉറപ്പ് വരുത്തി കൈഒപ്പ് ചാർത്തി ഒരു സെറ്റ് അതാത് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ടതും ഒരു സെറ്റ് എൻ.സി.സി ബറ്റാലിയൻ ഓഫീസിൽ സൂക്ഷിക്കേണ്ടതുമാണ്. എൻ.സി.സി. കമാൻഡിംഗ്

ഓഫീസർ ഇത്തരത്തിൽ ശുപാർശ ചെയ്ത് നൽകുന്ന അപേക്ഷകൾക്ക് മാത്രമേ വിദ്യാഭ്യാസ ഉപഡയറക്ടർ ഗ്രേസ് മാർക്ക് അനുവദിക്കുകയുള്ളൂ.

10. **ലിറ്റിൽ കൈറ്റ്സ്** - കൈറ്റിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന ലിറ്റിൽ കൈറ്റ്സ് ഐ.റ്റി ക്ലബ്ബുകളിലെ എ-ഗ്രേഡ് നേടിയ കുട്ടികൾക്കാണ് എസ്.എസ്.എൽ.സി പരീക്ഷയിൽ ഗ്രേസ് മാർക്ക് അനുവദിക്കുന്നത്. ലിറ്റിൽ കൈറ്റ്സ് പദ്ധതിയിലെ പരിശീലനങ്ങളിലെ പങ്കാളിത്തം അസസ്മെന്റ് പൂർത്തീകരണം, ഹാജർനില പ്രത്യേക മൂല്യ നിർണ്ണയം എന്നിവയ്ക്ക് ലഭിക്കുന്ന സ്കോറിന്റെ അടിസ്ഥാനത്തിൽ കൈറ്റ് നൽകുന്ന സർട്ടിഫിക്കറ്റ് അടിസ്ഥാനമാക്കിയാണ് പുതിയ ഗ്രേസ് മാർക്കായ 15 മാർക്ക് അനുവദിക്കുന്നത്.
11. **സർഗ്ഗോത്സവ**ത്തിലെ സീനിയർ വിഭാഗം(8-ാം ക്ലാസ് മുതൽ 10-ാം ക്ലാസ്സുവരെ) മത്സര വിജയികൾക്കുമാത്രമേ ഗ്രേസ് മാർക്കിനർഹതയുണ്ടായിരിക്കുകയുള്ളൂ. സർഗ്ഗോത്സവത്തിൽ 'എ' , 'ബി' ഗ്രേഡ് നേടുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ ഗ്രേസ് മാർക്ക് ലഭിക്കുകയുള്ളൂ. എ ഗ്രേഡിന് 15 മാർക്കും ബി ഗ്രേഡിന് 10 മാർക്കും എസ്.എസ്.എൽ.സി യി ൽ ഗ്രേസ് മാർക്കായി ലഭിക്കുന്നതാണ്.
12. സർഗ്ഗോത്സവം, (പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തുന്ന) രാഷ്ട്രപതി സ്കൗട്ട് & ഗൈഡ്സ്, രാജ്യപുരസ്കാർ, എൻ.സി.സി. ജൂനിയർ റെഡ്ക്രോസ്സ് ദേശീയ/സംസ്ഥാന ബാലശാസ്ത്ര കോൺഗ്രസ്സ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രോജക്ട്, ലിറ്റിൽ കൈറ്റ്സ് എന്നിവയുമായി ബന്ധപ്പെട്ട ഗ്രേസ് മാർക്കിനർഹതയുള്ള പ്രൊപ്പോസലുകൾ ഒരുമിച്ച് സമർപ്പിക്കാതെ പ്രത്യേകം പ്രത്യേകമായി തന്നെ സമർപ്പിക്കേണ്ടതാണ്.
13. സ്കൂളുകളിൽ 24.04.2023 മുതൽ 28.04.2023 വരെ പരീക്ഷാഭവന്റെ വെബ് സൈറ്റിൽ ഗ്രേസ് മാർക്കിനുള്ള ഓൺലൈൻ എൻട്രി നടത്താവുന്നതാണ്. എൻട്രി നടത്തിയതിനുശേഷം പ്രിന്റൗട്ട് എടുക്കാവുന്നതും 29.04.2023 മുതൽ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് ലഭിക്കുന്ന ഗ്രേസ് മാർക്കിനുള്ള അപേക്ഷകൾ പരിശോധിച്ച് ഓൺലൈൻ വെരിഫിക്കേഷൻ നടത്തി പ്രിന്റൗട്ട് എടുക്കാവുന്നതുമാണ്. ഒരേ ക്ലാസിൽ ഒരേ പേരുള്ള രണ്ട് വിദ്യാർത്ഥികളുണ്ടെങ്കിൽ ഗ്രേസ് മാർക്ക് എൻട്രി നടത്തുമ്പോൾ രജിസ്റ്റർ നമ്പർ പരിശോധിച്ച് അർഹതയുള്ള വിദ്യാർത്ഥികൾക്ക് തന്നെയാണ് മാർക്ക് എൻട്രി നടത്തിയിരിക്കുന്നതെന്ന് പ്രധാനാധ്യാപകർ ഉറപ്പ് വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ വിഴ്ച ഉണ്ടാകാതെയിരിക്കാൻ പ്രധാനാധ്യാപകർ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.
14. ഇപ്രകാരം ഖണ്ഡിക 2 മുതൽ പ്രതിപാദിച്ചിട്ടുള്ള അപേക്ഷകൾ വിദ്യാഭ്യാസ ഉപഡയറക്ടർമാർ പരിശോധിച്ച് ഓൺലൈനിൽ വെരിഫിക്കേഷൻ നടത്തി ലഭിക്കുന്ന പ്രിന്റ്ഔട്ട് നടപടി ഉത്തരവ് സഹിതം പരീക്ഷാ സെക്രട്ടറിയ്ക്ക് നൽകേണ്ടതാണ്.
15. ലിസ്റ്റ് പൂർണ്ണവും കുറ്റവിമുക്തവുമായിരിക്കുവാൻ എല്ലാ പ്രധാനാധ്യാപകരും വിദ്യാഭ്യാസ ഉപ ഡയറക്ടർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
16. വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഗ്രേസ് മാർക്ക് അനുവദിച്ചുകൊണ്ടുള്ള നടപടി ഉത്തരവും അതോടൊപ്പമുള്ള ലിസ്റ്റും സെക്രട്ടറി, പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, പരീക്ഷാഭവൻ, പൂജപ്പുര. പി.ഒ, തിരുവനന്തപുരം-695012 എന്ന വിലാസത്തിൽ 04.05.2023 ന് മുമ്പായി ലഭിക്കത്തക്കവിധം അയയ്ക്കേണ്ടതാണ്.
17. ഗ്രേസ് മാർക്ക് അനുവദിച്ചുകൊണ്ടുള്ള നടപടി ഉത്തരവും, ലിസ്റ്റും പരീക്ഷാ സെക്രട്ടറിക്ക് സമയ ബന്ധിതമായി അയച്ചുകൊടുക്കുവാൻ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

**ജീവൻബാബു. കെ, ഐ.എ.എസ്**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ്:

1. സ്റ്റേറ്റ് നോഡൽ ഓഫീസർ, എസ്.പി.സി. പ്രോജക്ട്, പോലീസ് ഹെഡ്ക്വാർട്ടേഴ്സ്, വഴുതയ്ക്കാട്, തിരുവനന്തപുരം
2. ഡെപ്യൂട്ടി ജനറൽ (എൻ.സി.സി), എൻ.സി.സി ഡയറക്ടറേറ്റ്(കെ&എൽ) സ്റ്റേറ്റ് വിംഗ്, വഴുതയ്ക്കാട്, തിരുവനന്തപുരം-695010
3. സ്റ്റേറ്റ് കോ-ഓർഡിനേറ്റർ , എൻ.സി.എസ്.സി. കേരളാ സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആന്റ് എൻവിറോൺമെന്റ്, ശാസ്ത്രഭവൻ, പട്ടം. പി.ഒ, തിരുവനന്തപുരം-695004
4. ഡയറക്ടർ, പട്ടിക വർഗ്ഗ വികസന വകുപ്പ്, നാലാം നില,വികാസ്ഭവൻ, തിരുവനന്തപുരം-695033
5. സെക്രട്ടറി, ജൂനിയർ റെഡ്ക്രോസ്, ജൂനിയർ റെഡ്ക്രോസ് റോഡ്, തിരുവനന്തപുരം
6. സെക്രട്ടറി, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം-695012
7. എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും (അധികാര പരിധിയിൽ വരുന്ന എല്ലാ ഹൈസ്കൂൾ പ്രധാനാധ്യാപകർക്കും അറിവിലേയ്ക്കായി അയച്ചു കൊടുക്കേണ്ടതാണ്)
8. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (അധികാര പരിധിയിൽ വരുന്ന എല്ലാ ഹൈസ്കൂൾ പ്രധാനാധ്യാപകർക്കും അറിവിലേയ്ക്കായി അയച്ചു കൊടുക്കേണ്ടതാണ്)
9. എല്ലാ പ്രധാനാധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ, ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)
10. വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ കൈറ്റ് പൂജപ്പുര (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
11. ഓഫീസ് കോപ്പി/ കരുതൽ ഫയൽ